2024
MAY
11
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## ക്രൂഡ് വിലയിൽ കുതിപ്പ്: റിഫൈനിങ് മാർജിൻ ഇടിഞ്ഞു



**കൊച്ചി:** രാജ്യാന്തര വിപണിയിൽ ക്രൂഡ് ഓയിൽ വില കുതിച്ചുയർന്നതോടെ എണ്ണക്കമ്പനികളുടെ റിഫൈനിങ് മാർജിൻ കുത്തനെ കുറയുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഐഒസിയുടെ റിഫൈനിങ് മാർജിൻ ബാരലിന് 12.05 ഡോളറായാണ് താഴ്ന്നത്. എച്ച്പിസിഎല്ലിൻറെ റിഫൈനിങ് മാർജിൻ മുൻവർഷത്തെ ബാരലിന് 14.01 ഡോളറിൽ നിന്ന് 6.95 ഡോളറായി ഇടിഞ്ഞു. ബിപിസിഎല്ലിൻറെ റിഫൈനിങ് മാർജിൻ മുൻവർഷത്തെ 20.24 ഡോളറിൽ നിന്ന് 14.14 ഡോളറായി കുറഞ്ഞു. ഇതോടെ ജനുവരി മുതൽ മാർച്ച് വരെയുള്ള മൂന്ന് മാസത്തിൽ പൊതുമേഖല എണ്ണക്കമ്പനികളുടെ ലാഭവും കുത്തനെ ഇടിഞ്ഞു.

കഴിഞ്ഞ രണ്ട് വർഷമായി രാജ്യാന്തര വിപണിയിലെ ചലനങ്ങൾക്കനുസരിച്ച് ആഭ്യന്തര ഇന്ധന വിലയിൽ മാറ്റം വരുത്താൻ കഴിയാതിരുന്നതാണ് കമ്പനികളുടെ ലാഭക്ഷമതയെ പ്രതികൂലമായി ബാധിച്ചത്. പശ്ചിമേഷ്യയിലെ രാഷ്ട്രീയ സംഘർഷങ്ങൾ മൂലം നടപ്പുവർഷത്തിൻറെ തുടക്കം മുതൽ ക്രൂഡ് വില 80 ഡോളറിന് മുകളിൽ തുടരുകയാണ്. നിലവിൽ പെട്രോൾ, ഡീസൽ എന്നിവ ഉത്പാദന ചെലവിലും കുറഞ്ഞ വിലയിലാണ് ഇന്ത്യൻ വിപണിയിൽ വിൽക്കുന്നതെന്ന് കമ്പനികൾ പറയുന്നു.

മാർച്ച് വരെയുള്ള മൂന്ന് മാസത്തിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻറെ (ഐഒസി) അറ്റാദായം 40 ശതമാനം ഇടിവോടെ 4,837.69 കോടി രൂപയായി. പ്രവർത്തന ലാഭം 1.4 ശതമാനം കുറഞ്ഞ് 2.2 ലക്ഷം കോടി രൂപയിലെത്തി. അവലോകന കാലയളവിൽ ഹിന്ദുസ്ഥാൻ ഓയിലിൻറെ അറ്റാദായം 25 ശതമാനം കുറഞ്ഞ് 2,709.31 കോടി രൂപയിലെത്തി. മൊത്തം വരുമാനം ആറ് ശതമാനം കുറഞ്ഞ് 1.2 ലക്ഷം കോടിയായി. ഭാരത് പെട്രോളിയം കോർപ്പറേഷൻറെ അറ്റാദായം മാർച്ച് പാദത്തിൽ 30 ശതമാനം കുറഞ്ഞ് 4,789.57 കോടി രൂപയായി. മുൻവർഷം ഇതേകാലയളവിൽ അറ്റാദായം 6,870.47 കോടി രൂപയായിരുന്നു. മൊത്തം വിറ്റുവരവ് ഇക്കാലയളവിൽ 1.32 ലക്ഷം കോടി രൂപയിലെത്തി.

### സൈബർ കുറ്റകൃത്യങ്ങൾ

## 28000 മൊബൈൽ ഫോണുകൾ ബ്ലോക്ക് ചെയ്യാൻ ടെലികോം കമ്പനികൾക്ക് കേന്ദ്രത്തിന്റെ നിർദേശം

**ന്യൂഡൽഹി:** 28,000ൽ പരം മൊബൈൽ ഫോണുകൾ ബ്ലോക്ക് ചെയ്യാനും 20 ലക്ഷത്തിലധികം കണക്ഷനുകൾ പുനഃപരിശോധിക്കാനും ടെലികോം കമ്പനികൾക്ക് കേന്ദ്രത്തിന്റെ നിർദേശം. റിലയൻസ് ജിയോ, ഭാരതി എയർടെൽ, വോഡഫോൺ ഐഡിയ തുടങ്ങിയ കമ്പനികൾക്കാണ് ഡിപ്പാർട്മെന്റ് ഓഫ് ടെലികോമിന്റെ (ഡിഒടി) നിർദേശം. സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടാണ് നിർദേശം നൽകിയിരിക്കുന്നത്. കേന്ദ്ര ആഭ്യന്തര മന്ത്രാലയവും സംസ്ഥാന പൊലീസും ഇക്കാര്യത്തിൽ ഡിഒടിക്ക് ഒപ്പം സൈബർ കുറ്റകൃത്യങ്ങൾക്ക് എതിരെ യോജിച്ചു പ്രവർത്തിക്കുന്നുണ്ടെന്ന് ഔദ്യോഗിക കുറിപ്പിൽ പറയുന്നു.



കേന്ദ്ര ആഭ്യന്തര മന്ത്രാലയവും സംസ്ഥാന പൊലീസും നടത്തിയ അന്വേഷണത്തിൽ 28,200 ഹാൻ!ഡ്സെറ്റുകൾ സൈബർ കുറ്റകൃത്യങ്ങളിൽ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. ഈ ഹാൻഡ്സെറ്റുകളിലായി 20 ലക്ഷം നമ്പറുകൾ ഉപയോഗിച്ചിട്ടുണ്ടെന്നും ഡിഒടി കണ്ടെത്തി. മാർച്ചിൽ ഡിഒടി 'ചക്ഷു പോർട്ടൽ' പുറത്തിറക്കിയിരുന്നു. ടെലികോം സംബന്ധിച്ചുള്ള പരാതികൾ ഈ പോർട്ടൽ വഴി അറിയിക്കാം. അന്നുമുതൽ 52 കമ്പനികളെ വ്യാജ, ഫിഷിങ് എസ്എംഎസുകൾ അയച്ചതിന്റെ പേരിൽ കരിമ്പട്ടികയിൽ പെടുത്തിയിട്ടുണ്ട്.

ഇത്രയും നാളിനിടയിൽ രാജ്യത്താകമാനം 348 മൊബൈൽ ഹാൻഡ്സെറ്റുകളും ബ്ലോക്ക് ചെയ്തു. 10,834 നമ്പരുകൾ പുനഃപരിശോധനയ്ക്ക് അയച്ചിട്ടുണ്ടെന്ന് വാർത്താ ഏജൻസിയായ പിടിഐ റിപ്പോർട്ട് ചെയ്തു. 1.58 ലക്ഷം ഐഎംഇഐകൾ ഡിഒടി ബ്ലോക്ക് ചെയ്തിട്ടുണ്ട്. ഈ വർഷം ഏപ്രിൽ 30 വരെ 1.66 കോടി മൊബൈൽ കണക്ഷനുകളാണ് ഡിഒടി റദ്ദാക്കിയിരിക്കുന്നത്. ഇതിൽ 30.14 ലക്ഷം റദ്ദാക്കിയത് ആളുകളുടെ പരാതി മൂലവും 53.78 ലക്ഷം റദ്ദാക്കിയത് അനുവദനീയമായതിലും അധികം സിം കാർഡുകൾ ഒരേ അക്കൗണ്ടിൽ എടുത്തതും മൂലമാണെന്ന് ഔദ്യോഗിക അറിയിപ്പിൽ പറയുന്നു.

## ദക്ഷിണേന്ത്യൻ അണക്കെട്ടുകളിൽ അവശേഷിക്കുന്നത് സംഭരണ ശേഷിയുടെ 15 ശതമാനം വെള്ളം മാത്രം

**ന്യൂഡൽഹി:** ദക്ഷിണേന്ത്യയിലെ അണക്കെട്ടുകളിൽ ഇനി അവശേഷിക്കുന്നത് ആകെ സംഭരണ ശേഷിയുടെ 15 ശതമാനം മാത്രം വെള്ളമെന്ന് കേന്ദ്ര ജല കമ്മിഷൻ (സിഡബ്ല്യുസി). കഴിഞ്ഞ 10 വർഷത്തിനിടെ ഈ സമയത്ത് ഏറ്റവും കുറഞ്ഞ ജലനിരപ്പാണിതെന്നും കമ്മിഷൻറെ കണക്കുകൾ. ദേശീയ തലത്തിൽ 150 അണക്കെട്ടുകളാണ് കമ്മിഷൻറെ മേൽനോട്ടത്തിലുള്ളത്. 17,878.4 കോടി ഘനമീറ്റർ ജലമാണ് ഇവയുടെ ആകെ സംഭരണ ശേഷി. രാജ്യത്തെ മൊത്തം അണക്കെട്ടുകളുടെ ജലസംഭരണശേഷിയുടെ (25,781.2 കോടിഘനമീറ്റർ) 69.35 ശതമാനമാണിത്. കമ്മിഷൻറെ മേൽനോട്ടത്തിലുള്ള അണക്കെട്ടുകളിൽ നിലവിൽ സംഭരണശേഷിയുടെ 27 ശതമാനം മാത്രമാണു വെള്ളമുള്ളത്. കഴിഞ്ഞ വർഷം ഇത് 36 ശതമാനമായിരുന്നു. 32 ശതമാനമാണു പത്തു വർഷത്തെ ശരാശരി.



ആന്ധ്രപ്രദേശ്, തെലങ്കാന, കർണാടക, കേരള, തമിഴ്നാട് സംസ്ഥാനങ്ങൾ ഉൾപ്പെട്ട ദക്ഷിണമേഖലയിൽ 5,333.4 കോടി ഘനമീറ്റർ ജലമാണ് ആകെ സംഭരണ ശേഷി. എന്നാൽ, ഈ മാസം ഒമ്പതിലെ ജലനിരപ്പ് പ്രകാരം ഡാമുകളിൽ ഇപ്പോഴുള്ള ജലത്തിൻറെ അളവ് 792.1 കോടി ഘനമീറ്റർ മാത്രം. കഴിഞ്ഞ വർഷം ഈ സമയം 27 ശതമാനമുണ്ടായിരുന്നു. 21 ശതമാനമാണു പത്തു വർഷത്തെ ശരാശരി. ഹിമാചൽ പ്രദേശ്, രാജസ്ഥാൻ, പഞ്ചാബ് സംസ്ഥാനങ്ങളുൾപ്പെടുന്ന വടക്കൻ മേഖലയിലെ 10 അണക്കെട്ടുകളിൽ 29 ശതമാനം ജലമുണ്ട്.

അസം, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന കിഴക്കൻ മേഖലയിലെ 23 അണക്കെട്ടുകളിലുമായി സംഭരണശേഷിയുടെ 34 ശതമാനം ജലം ഇപ്പോഴുമുണ്ട്. ഇവിടെ കഴിഞ്ഞ വർഷത്തെക്കാൾ മൂന്നു ശതമാനം അധികമാണ് ജലത്തിൻറെ അളവ്. ഗുജറാത്തും മഹാരാഷ്ട്രയും ഉൾപ്പെടുന്ന പടിഞ്ഞാറൻ മേഖലയിൽ 28 ശതമാനം ജലമാണ് ഇപ്പോഴുള്ളത്. 29 ശതമാനമാണ് ഇവിടെ 10 വർഷത്തെ ശരാശരി.



# ബജാജ് ഫിൻസെർവ് മൾട്ടി അസറ്റ് അലോക്കേഷൻ ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ബജാജ് ഫിൻസെർവ് അസറ്റ് മാനേജ്മെന്റ് ലിമിറ്റഡ് വൈവിധ്യമാർന്ന നിക്ഷേപ അവസരങ്ങൾ തുറന്നിടുന്ന ബജാജ് ഫിൻസെർവ് മൾട്ടി അസറ്റ് അലോക്കേഷൻ ഫണ്ട് അവതരിപ്പിച്ചു. ഉയർന്ന ഡിവിഡന്റ് ഉറപ്പുള്ള ഇക്വിറ്റി, കാലാവധി കാര്യക്ഷമമായി മാനേജ് ചെയ്യപ്പെടുന്ന ഡെറ്റ്, കമോഡിറ്റികൾ, റിയർ എസ്റ്റേറ്റ് / ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റുകൾ തുടങ്ങി വിവിധ ആസ്തികളിലായാണ് ഈ ഫണ്ട് നിക്ഷേപാവസരം ഒരുക്കുന്നത്.'ഒരൊറ്റ നിക്ഷേപത്തിലൂടെ ഒന്നിലധികം ആസ്തി വിഭാഗങ്ങളിൽ നിക്ഷേപിക്കാൻ സവിശേഷമായ അവസരമാണ് ബജാജ് ഫിൻസെർവ് മൾട്ടി അസറ്റ് അലോക്കേഷൻ ഫണ്ട് നിക്ഷേപകർക്കായി തുറന്നിടുന്നതെന്ന് ബജാജ് ഫിൻസെർവ് എഎംസി സിഇഒ ഗണേഷ് മോഹൻ പറഞ്ഞു.

# പുതിയ കാംപയിനുമായി ചന്ദ്രിക




**കൊച്ചി:** വിപ്രോ കൺസ്യൂമർ കെയർ ആൻഡ് ലൈറ്റിംഗിന് കീഴിൽ പ്രവർത്തിക്കുന്ന ആയുർവേദ സോപ്പ് ബ്രാൻഡായ ചന്ദ്രിക പുതിയ കാംപയിൻ പുറത്തിറക്കി. സ്വന്തം വ്യക്തിത്വത്തെ അംഗീകരിച്ച് അതിൽ ആത്മവിശ്വാസം കണ്ടെത്തുക എന്ന സന്ദേശമാണ് മുന്നോട്ട് വെയ്ക്കുന്നത്. ചന്ദ്രികയുടെ ബ്രാൻഡ് അംബാസിഡറായ കീർത്തി സുരേഷാണ് കാംപയിനിൽ.ചെറുപ്പക്കാരായ സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസവും വ്യക്തിപ്രഭാവവും ഉത്തേജിപ്പിക്കുന്നതിനുള്ള നീക്കമാണ് ഈ കാംപയിനിലൂടെ നടത്തുന്നതെന്നു വിപ്രോ കൺസ്യൂമർ കെയർ ആൻഡ് ലൈറ്റിംഗിന്റെ ചീഫ് മാർക്കറ്റിംഗ് ഓഫിസർ എസ്. പ്രസന്ന റായ് പറഞ്ഞു.

# പിഒസിയിൽ വാരാന്ത്യ മനഃശാസ്ത്ര കോഴ്സ്

**കൊച്ചി:** കേരള കത്തോലിക്കസഭയുടെ ആസ്ഥാനകാര്യാലയമായ പാലാരിവട്ടം പി.ഒ.സി. യിൽ പാസ്റ്ററൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റിയുട്ടിന്റെ നേതൃത്വത്തിൽ, വ്യക്തിത്വവികാസവും മാനസികാരോഗ്യവും നേടാനും നല്കാനും സഹായകമായ വാരാന്ത്യ മനഃശാസ്ത്ര കോഴ്സ് ആരംഭിക്കുന്നു.മാനസികപ്രശ്നങ്ങൾ വർദ്ധിക്കുന്ന ഇക്കാലത്ത് സ്വയം മനസ്സിലാക്കാനും മറ്റുള്ളവരെ സഹായിക്കാനും ഉതകുന്ന പരിശീലനമാണ് കോഴ്സിൽ നല്കുന്നത്. വ്യക്തിത്വവികസനം, ക്രിമിനൽസൈക്കോളജി, സൈബർ ക്രൈം, കൗൺസിലിംഗ്, മാനസിക പിരിമുറുക്കം, സൈക്കോതെറാപ്പി, മനഃശാസ്ത്രത്തിന് ആമുഖം, യോഗ തുടങ്ങിയ വിഷയങ്ങളിൽ പ്രശസ്ത മനഃശാസ്ത്രവിദഗ്ധർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കുന്നു. ജാതിമതഭേദമില്ലാതെ, 20വയസ്സു മുതൽ പ്രായമുള്ളവരും എസ്.എസ്.എൽ.സി വരെയെങ്കിലും പഠിച്ചിട്ടുള്ളവരുമായവർക്ക് പങ്കെടുക്കാവുന്ന ഈ കോഴ്സിന്റെ മാധ്യമം മലയാളമായിരിക്കും. കോഴ്സ് ഫീസ് 5000 രൂപ.2024 ജൂൺ മുതൽ 2025 മാർച്ചുവരെയാണ് കോഴ്സ് കാലാവധി. എല്ലാ ശനിയാഴ്ച്ചകളിലും ഉച്ചകഴിഞ്ഞ് 2 മുതൽ 5വരെ ക്ലാസുകൾ.പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറിൽ ബന്ധപ്പെടുക: 9447441109, 9072822367.

# കേരള പുരസ്കാരങ്ങൾക്കു നാമനിർദേശം ക്ഷണിച്ചു

**തിരുവനന്തപുരം:** വിവിധ മേഖലകളിൽ സമൂഹത്തിനു സമഗ്ര സംഭാവനകൾ നൽകിയ വിശിഷ്ട വ്യക്തിത്വങ്ങളെ ആദരിക്കുന്നതിനു സംസ്ഥാന സർക്കാർ നൽകുന്ന പരമോന്നത പുരസ്കാരമായ 2024ലെ കേരള പുരസ്കാരങ്ങൾക്കു നാമനിർദേശം ക്ഷണിച്ചു. കേരള ജ്യോതി, കേരള പ്രഭ, കേരള ശ്രീ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലാണു പുരസ്കാരങ്ങൾ നൽകുന്നത്.

2024ലെ കേരളപ്പിറവി ദിനത്തോടനുബന്ധിച്ചു പ്രഖ്യാപിക്കേണ്ട ഈ വർഷത്തെ കേരള പുരസ്കാരങ്ങൾക്ക് 2024 ജൂലൈ 31 വരെ നാമനിർദേശങ്ങൾ സമർപ്പിക്കാം. https://keralapuraskaram.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായാണു നാമനിർദേശങ്ങൾ സമർപ്പിക്കേണ്ടത്. ഓൺലൈൻ മുഖേനയല്ലാതെ നേരിട്ടു ലഭിക്കുന്ന നാമനിർദേശങ്ങൾ പരിഗണിക്കില്ല.

കേരള പുരസ്കാരങ്ങൾ സംബന്ധിച്ച മാർഗനിർദേശങ്ങളും ഓൺലൈനായി നാമനിർദേശങ്ങൾ നൽകുമ്പോൾ പാലിക്കേണ്ട നിർദേശങ്ങളും വെബ്സൈറ്റിലെ വിജ്ഞാപനത്തിൽ ലഭ്യമാണ്. നാമനിർദേശവുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക് 0471 2518531, 2518223 എന്നീ നമ്പറുകളിലും സാങ്കേതിക സഹായങ്ങൾക്ക് ഐടി മിഷന്റെ 0471 2525444 എന്നീ നമ്പറുകളിലും ബന്ധപ്പെടാം

# പത്തു മാസത്തിനുള്ളിൽ 17 പദ്ധതികൾ; പ്രഖ്യാപനം നടത്തി അസറ്റ് ഹോംസ്




**കൊച്ചി:** തുടർച്ചയായി നാലാം വർഷം ക്രിസിൽ ഡിഎ2+ റേറ്റിംഗ് നിലനിർത്തിയതിനും സിഐഡിസി 2024 അവാർഡുകളിൽ നാലെണ്ണം നേടിയതിനുമൊപ്പം പത്തുമാസത്തിനുള്ളിൽ 17 പദ്ധതികളുടെ സമയബന്ധിത നിർമാണ പൂർത്തീകരണം പ്രഖ്യാപിച്ച് പ്രമുഖ ബിൽഡറായ അസറ്റ് ഹോംസ്. കൊച്ചിയിൽ നടന്ന ചടങ്ങിൽ ഈ സാമ്പത്തികവർഷത്തിൽ 17 പദ്ധതികൾ നിർമാണം പൂർത്തിയാക്കി ഉടമകൾക്ക് കൈമാറുമെന്ന് അസറ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ സുനിൽ കുമാർ വി. അറിയിച്ചു. ഈ സാമ്പത്തികവർഷം പുതുതായി 26 പദ്ധതികളുടെ നിർമാണമാരംഭിക്കുമെന്നും സുനിൽ കുമാർ അറിയിച്ചു. മൊത്തം 37.5 ലക്ഷം ച അടി വിസ്തൃതി വരുന്ന 3000 പാർപ്പിട യൂണിറ്റുകളാണ് ഈ 26 പദ്ധതികളിലായി നിർമിക്കുക. തുടർച്ചയായി നാലാം വർഷവും അസറ്റ് ഹോംസ് നിലനിർത്തിയ ക്രിസിലിന്റെ ഡിഎ2+ റേറ്റിംഗിന്റെ അംഗീകാരപത്രം ചടങ്ങിൽ ക്രിസിൽ ബിസിനസ് ഹെഡ് ബിനൈഫർ ജെഹാനി, അസോസിയേറ്റ് ഡയറക്ടർ അബ്ബാസ് മാസ്റ്റർ എന്നിവർ ചേർന്ന് സുനിൽ കുമാറിനു കൈമാറി. സിഐഡിസി 2024 അവാർഡുകളിൽ 1001000 കോടി രൂപ വരെ ടേണോവറുള്ള കമ്പനികളുടെ വിഭാഗത്തിൽ രാജ്യത്തെ മികച്ച പ്രൊഫഷണലി മാനേജ്ഡ് സ്ഥാപനത്തിനുള്ള അവാർഡ്, ചെയർമാൻ സ്പെഷ്യൽ കമന്റേഷൻ അവാർഡ്, കണ്ണൂരിലെ അസറ്റ് സെനറ്റിന് മികച്ച പാർപ്പിട പദ്ധതിക്കുള്ള അവാർഡ്, തൃശൂരിലെ അസറ്റ് മജസ്റ്റിക്കിന് സുരക്ഷാ, പരിസ്ഥിതി മാനദണ്ഡങ്ങൾക്കുള്ള മികച്ച കൺസ്ട്രക്ഷൻ സൈറ്റ് അവാർഡ് എന്നിവ ചടങ്ങിൽ സിഐഡിസി ഡെപ്യൂട്ടി ഡയറക്ടർ പ്രവീൺ തിവാരി, ഡയറക്ടർ ഫിനാൻസ് എസ് എൻ മൂർത്തി വഡ്ലാഡി എന്നിവർ ചേർന്ന് അസറ്റ് ഹോംസ് പ്രതിനിധികൾക്ക് സമ്മാനിച്ചു.

നാലു വർഷവും തുടർച്ചയായി ക്രിസിൽ ഡിഎ2+ റേറ്റിംഗ് നിലനിർത്താനായതിലും നാല് സിഐഡിസി അവാർഡുകൾ നേടിയതിലും അസറ്റ് ഹോംസിന് ഏറെ അഭിമാനമുണ്ടെന്ന് സുനിൽകുമാർ പറഞ്ഞു. കേരളത്തിലെ ബിൽഡർമാർക്ക് ഇതുവരെ ലഭിച്ചിട്ടുള്ള ഏറ്റവും ഉയർന്ന ക്രിസിൽ റേറ്റിംഗായ ഡിഎ2+ ഈ വർഷവും നിലനിർത്താനായതിൽ അസറ്റ് ഹോംസിനെ അഭിനന്ദിക്കുന്നുവെന്ന് ക്രിസിൽ ബിസിനസ് ഹെഡ് ബിനൈഫർ ജെഹാനി പറഞ്ഞു. വെല്ലുവിളികൾ നിറഞ്ഞ വിപണിസാഹചര്യങ്ങളിലും മികച്ച ഗുണനിലവാരത്തിൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ അസറ്റ് ഹോംസ് പ്രതിജ്ഞാബദ്ധമാണെന്ന് സുനിൽ കുമാർ പറഞ്ഞു. 2024 മെയ് തൃശൂരിലെ അസറ്റ് ഫൊർച്യൂണ, 2024 ജൂലൈയിൽ കൊച്ചിയിലെ അസറ്റ് ലുമിനൻസ് 2024 ജൂൺ, കോട്ടയത്തെ അസറ്റ് സെലേസ്റ്റ്, കോഴിക്കോട്ടെ അസറ്റ് എൻസൈൻ, തൃശൂരിലെ അസറ്റ് പ്ലാറ്റിന, 2024 സെപ്തംബറിൽ കൊച്ചിയിലെ അസറ്റ് മൂൺഗ്രേസ്, 2024 നവംബറിൽ പത്തനംതിട്ടയിലെ അസറ്റ് ഗേറ്റ്വേ, കോഴിക്കോട്ടെ അസറ്റ് പികെഎസ് ഹെറിറ്റൻസ്, 2024 ഡിസംബറിൽ കൊച്ചി ആലുവയിലെ അസറ്റ് ഈസ്റ്റ് ബ്രൂക്ക്, കൊച്ചിയിലെ അസറ്റ് റേഡിയൻസ്, തിരുവനന്തപുരത്തെ അസറ്റ് സോവറിൻ, 2025 ഫെബ്രുവരിയിൽ കൊച്ചിയിലെ അസറ്റ് ആൽപ്പൈൻ മേപ്പ്ൾ, അസറ്റ് ജൂബിലൻസ്, 2025 മാർച്ചിൽ കോട്ടയത്തെ അസറ്റ് ബെൽഫോർഡ്, അസറ്റ് ആൽപ്സ്, കണ്ണൂരിലെ അസറ്റ് ചേംബർ, കൊച്ചിയിലെ അസറ്റ് എമിനൻസ് എന്നീ 17 പദ്ധതികളാണ് 2025 മാർച്ച് 31ന് മുമ്പ് നിർമാണം പൂർത്തീകരിച്ചു ഉടമകൾക്ക് കൈമാറുക.കേരളത്തിലെ നിർമാണ മേഖലയെ നൂതന പ്രവണതകളും ബെസ്റ്റ് പ്രാക്റ്റീസസും പരിചയപ്പെടുത്തുന്നതിന് സിഐഡിസി ഓഗസ്റ്റ് 9ന് കൊച്ചിയിൽ പ്രൊജക്റ്റ് ബ്രാൻഡ് കണക്റ്റ് എന്ന ഏകദിന ശിൽപ്പശാല സംഘടിപ്പിക്കുമെന്ന് സിഐഡിസി ഡയറക്ടർ ഫിനാൻസ് എസ് എൻ മൂർത്തി വഡ്ലാഡി ചടങ്ങിൽ അറിയിച്ചു.അസറ്റ് ഹോംസ് ഡയറക്ടർമാരായ മോഹനൻ എൻ, സി വി റപ്പായി, സിഇഒ ടോണി ജോൺ, സിടിഒ മഹേഷ് എൽ എന്നിവരും ചടങ്ങിൽ സംസാരിച്ചു.

# ഹോട്ടൽടെക് കേരള പ്രദർശനം മെയ് 15 മുതൽ

**കൊച്ചി:** സംസ്ഥാനത്തെ ആതിഥേയ വ്യവസായ മേഖലയിലെ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ആവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും അവതരിപ്പിക്കുന്ന പ്രമുഖ വാർഷിക പ്രദർശനമായ ഹോട്ടൽടെക് കേരളയുടെ 14ാമത് പതിപ്പ് കൊച്ചി ബോൾഗാട്ടി പാലസ് ഇവന്റ് സെന്ററിൽ മെയ് 15, 16, 17 തീയതികളിൽ നടക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഹൊറേക്ക എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഹോട്ടൽസ്/റിസോർട്ടസ്, റെസ്റ്റോറന്റ്സ്, കേറ്ററിംഗ് മേഖലകൾക്കാവശ്യമായ ഭക്ഷ്യോൽപ്പന്നങ്ങൾ, ചേരുവകൾ, ഹോട്ടൽ ഉപകരണങ്ങൾ, ലിനൻ ആൻഡ് ഫർണിഷിംഗ്, ഹോട്ടൽ വെയർ, ടേബ്ൾവെയർ വാണിജ്യ അടുക്കള ഉപകരണങ്ങൾ തുടങ്ങിയവയുമായി 60ലേറെ പ്രദർശകർ ഹോട്ടൽടെകിൽ പങ്കെടുക്കമെന്ന് സംഘാടകരായ ക്രൂസ് എക്സ്പോസ് ഡയറക്ടർ ജോസഫ് കുര്യാക്കോസ് പറഞ്ഞു.

കേരളാ ടൂറിസം, ഡിടിപിസി, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള, കേരള പ്രൊഫഷനൽ ഹൗസ്കീപേഴ്സ് അസോസിയേഷൻ (കെപിഎച്ച്എ), സൗത്ത് ഇന്ത്യ ഷെഫ്സ് അസോസിയേഷൻ (സിക) കേരള ചാപ്റ്റർ, ഓൾ കേരളാ കേറ്ററേഴ്സ് അസോസിയേഷൻ (എകെസിഎ) എന്നീ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും അംഗീകാരവും പിന്തുണയും ഹോട്ടൽടെകിനുണ്ട്.മേളയ്ക്ക് സമാന്തരമായി ആദ്യരണ്ടു ദിവസം നടക്കുന്ന മത്സരങ്ങളായ കേരളാ കലിനറി ചലഞ്ച് (കെസിസി), ഹൗസ്കീപ്പേഴ്സ് ചലഞ്ച് (എച്ച്കെസി) എന്നിവയാകും ഹോട്ടൽടെകിന്റെ പ്രധാന ആകർഷണങ്ങൾ.ഷെഫുമാരായ ഷെഫ് റഷീദ്, ഷെഫ് സക്കറിയ, ഷെഫ് സിദ്ദിഖ്, ഷെഫ് ജോർജ് കെ ജോർജ് എന്നിവരാണ് ജൂറിയംഗങ്ങളായി എത്തുന്നത്.കെസിസിയുടെ ഇത്തവണ നടക്കുന്ന പത്താമത് പതിപ്പിൽ ഡ്രെസ് ദി കേക്ക്, ബ്രെഡ് ആൻഡ് പേസ്ട്രി ഡിസ്പ്ലേ, നോവൽറ്റി കേക്ക്, പെറ്റി ഫോർസ് അഥവാ പ്രാലൈൻസ്, ക്രിയേറ്റീവ് ഡിസ്സേർട്ട്, ഹോട്ട് കുക്കിംഗ് ചിക്കൻ, ഹോട്ട് കുക്കിംഗ് ഫിഷ്, കേരള വിഭവങ്ങൾ മീറ്റ്, റൈസ് ഡിഷ്, ക്രിയേറ്റീവ് സലാഡ്സ്, മോക്ടെയിൽ, ടേബ്ൾ സെറ്റപ്പ് എന്നിങ്ങനെ പന്ത്രണ്ടു വിഭാഗങ്ങളിലായാണ് മത്സരം നടക്കുക.ഹൗസ്കീപ്പേഴ്സ് ചലഞ്ച് (എച്ച്കെസി)യുടെ ആറാമത് പതിപ്പാണ് ഇത്തവണ നടക്കുന്നത്.സംസ്ഥാനത്തെ പ്രമുഖ ഹോട്ടലുകളിലും റിസോർട്ടുകളിലും നിന്നുള്ള വിവിധ ടീമുകളുടേയും വ്യക്തികളുടേയും ഹൗസ്കീപ്പിംഗ് പ്രാവീണ്യം പ്രദർശിപ്പിക്കുന്നതാകും മത്സരമെന്ന് സംഘാടകർ പറഞ്ഞു.കെപിഎച്ച്എ സംസ്ഥാന പ്രസിഡന്റ് ബിന്ദു പർവീഷ്, ഷെഫ് ജോർജ് തുടങ്ങിയവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.




# ഗൂഗിൾ വാലറ്റിൽ കൊച്ചി മെട്രോ ടിക്കറ്റും

**കൊച്ചി:** ഗൂഗിൾ ഇന്ത്യയിൽ ആദ്യമായി അവതരിപ്പിച്ച ഡിജിറ്റൽ വാലറ്റ് സേവനമായ ഗൂഗിൾ വാലറ്റിൽ കൊച്ചിമെട്രോയുടെ ടിക്കറ്റും യാത്രാ പാസും സൂക്ഷിക്കാം. കൊച്ചി മെട്രോ ആണ് ഗൂഗിൾ വാലറ്റിൽ ഇന്ത്യയിൽ ആദ്യമായി ഉൾപ്പെടുത്തപ്പെട്ട

മെട്രോ സർവീസ്. ഗൂഗിളുമായുള്ള പങ്കാളിത്തത്തിലൂടെയാണ് കൊച്ചിമെട്രോ റെയിൽ ലിമിറ്റഡ് ഇതു സാധ്യമാക്കിയത്. കൊച്ചി ആസ്ഥാനമായ പ്രുഡന്റ് ടെക്നോളജീസ് ആണ് കൊച്ചി മെട്രോയ്ക്ക് ഇതിനുള്ള സാങ്കേതിക പിന്തുണയും സഹായങ്ങളും നൽകുന്നത്.പുതിയ സേവനത്തോടെ ഡിജിറ്റൽ ടിക്കറ്റിങ് രംഗത്ത് കൊച്ചി മെട്രോഒരു പടി കൂടി മുന്നിലെത്തി.ടിക്കറ്റുകൾ, യാത്രാ പാസുകൾ, ബോർഡിങ് പാസ്, ലോയൽറ്റികാർഡുകൾ, മൂവി ടിക്കറ്റുകൾതുടങ്ങിവയെല്ലാം സുരക്ഷിതമായി ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കാനും ഉപയോഗിക്കാനും പേമെന്റുകൾ നടത്താനും സൗകര്യമുള്ള അപ്ലിക്കേഷനാണ് ഗൂഗിൾ വാലറ്റ് ഗൂഗിൾ പേ ആപ്പിനൊപ്പം പേമെന്റ് ആവശ്യങ്ങൾക്ക് ഇനി ഗൂഗിൾ വാലറ്റ് ഉപയോഗിക്കാം. ഇപ്പോൾ ഇന്ത്യയിൽ ആൻഡ്രോയ്ഡ് ഡിവൈസുകളിൽ മാത്രമാണ് ഗൂഗിൾ വാലറ്റ് ലഭ്യമായിട്ടുള്ളത്.

ഡിവൈസിൽ നിയർഫീൽഡ് കമ്യൂണിക്കേഷൻ ഫീച്ചറും ഉണ്ടായിരിക്കണം.നഗര ഗതാഗത രംഗത്തെ ഡിജിറ്റൽ ചുവടുവയ്പ്പുകളിൽ നിർണായകനാഴികക്കല്ലാണ് ഗൂഗിൾ വാലറ്റിൽ കൊച്ചി മെട്രോ ടിക്കറ്റ്ലഭ്യമാക്കിയതിലൂടെ പിന്നിട്ടിരിക്കുന്നതെന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എം.ഡി ലോക്നാഥ് ബെഹറ പറഞ്ഞു. ഗൂഗിളുമായുള്ള സഹകരണത്തിലൂടെ മെട്രോ ടിക്കറ്റ് സൗകര്യപ്രദമായ രൂപത്തിൽ

മെട്രോയിലുടനീളം ഉപയോഗിക്കാവുന്ന തരത്തിൽ യാത്രക്കാരുടെ യാത്രാനുഭവം കൂടുതൽ മെച്ചപ്പെടുത്താൻ കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു.

ആൻഡ്രോയ്ഡിന്റെ ഇന്ത്യയിലെ മുന്നേറ്റത്തിൽ സുപ്രധാന നാഴികക്കല്ലാണ് ഗൂഗിൾ വാലറ്റിന്റെ വരവെന്നും ഈ നൂതനസാങ്കേതികവിദ്യാ സൗകര്യം ജനങ്ങളുടെ ദൈനംദിന ജീവിതത്തെ കൂടുതൽ ലളിതമാക്കുമെന്നും ഗൂഗിൾ ജനറൽ മാനേജറും ഇന്ത്യയിലെ ആൻഡ്രോയ്ഡ് എഞ്ചിനീയറിങ് ലീഡുമായ റാം പപത്ല പറഞ്ഞു. സമഗ്രമായി ടിക്കറ്റിങ് സംവിധാനം ഒരുക്കാനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡുമായി കൈകോർക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും യാത്രാ പാസുകൾ ഇഷ്യൂ ചെയ്യുന്നതും കാൻസൽ ചെയ്യുന്നതടക്കം എല്ലാം ഗൂഗിൾ വാലെറ്റിൽ സാധ്യമാണെന്നും

അദ്ദേഹം കൂട്ടിച്ചേർത്തു.ഗൂഗിൾ വാലറ്റിൽ കൊച്ചി മെട്രോയുടെ ടിക്കറ്റിങ് സംവിധാനം സംയോജിപ്പിക്കുന്നതിൽ സാങ്കേതിക പിന്തുണ നൽകിയത് കൊച്ചിയിലെ പ്രുഡന്റ് ടെക്നോളജീസാണ്. വിപ്ലവകരമായ ഡിജിറ്റൽ അനുഭവം കൊച്ചി മെട്രോ യാത്രക്കാർക്ക് ലഭ്യമാക്കുന്നതിൽ നിർണായക ചുവടുവയ്പ്പാണ് ഈ സഹകരണമെന്ന് പ്രുഡന്റ് ടെക്നോളജീസ് ഡയറക്ടർ ജീജോ ജോർജ് പറഞ്ഞു.

തടസ്സങ്ങളിലാത്ത പേമെന്റുംമെച്ചപ്പെട്ട വ്യക്തിഗത അനുഭവവും നൽകാൻ കഴിയുന്നതിലൂടെ ഉപഭോക്താക്കളുടെ വിശ്വാസ്യതയെ ഈ പുതിയ സേവനംപുനർനിർവചിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.



# ഇടപ്പള്ളിപ്പള്ളിയിൽ ഇന്ന് എട്ടാമിടം

**കൊച്ചി:**ഇടപ്പള്ളി സെൻറ് ജോർജ് ഫൊറോന പള്ളിയിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുനാളിന്റെ ഭാഗമായുള്ള എട്ടാമിടം ഇന്ന് നടക്കും.രാവിലെ അഞ്ചിന് വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ തിരുസ്വരൂപം പന്തലിലേക്ക് എഴുന്നള്ളിക്കും തുടർന്ന് രാവിലെ 6നും 7നും 9 നും നടക്കുന്ന കുർബാനയ്ക്ക് ഫാ.അഖിൽ പള്ളിപ്പാട്. ഫാദർ ജോസ് കൊളുത്ത് വെള്ളിൽ, ഫാദർ തോമസ് വാളുക്കാരൻ എന്നിവർ കാർമികരാകും. 10 30 ന് നടക്കുന്ന തിരുനാൾ ദിവ്യബലിക്ക് ഫാ.മെൽവിൻ ചിറ്റിലപ്പിള്ളി കാർമികനാകും. ഫാദർ വർഗീസ് അമ്പലത്തിങ്കൽ തിരുനാൾ സന്ദേശം നൽകും .വൈകിട്ട് അഞ്ചുമണിക്ക് നടക്കുന്ന കുർബാനയ്ക്ക് ഫാ. വർഗീസ് മാണിക്യത്ത് കാർമികത്വം വഹിക്കും. തുടർന്ന് പ്രദക്ഷിണം. രാത്രി 8 30ന് നടക്കുന്ന വിശുദ്ധ കുർബാനയ്ക്ക് ഫാദർ ടോണി മാളിയേക്കൽ കാർമികത്വം വഹിക്കും. രാത്രി 10:30ന് വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുസ്വരൂപം പള്ളിയിലേക്ക് എടുത്തു വയ്ക്കും

# മാതൃദിന കാമ്പയിനുമായി ടൈറ്റൻ വേൾഡ്

**കോഴിക്കോട്:** അമ്മയോടൊപ്പം സമയം ചെലവഴിക്കുന്നതിന്റെ സാരാംശം ഉൾക്കൊണ്ട് മാതൃദിന കാമ്പയിനുമായി വാച്ച് റീട്ടെയിൽ ശൃംഖലയായ ടൈറ്റൻ വേൾഡ്. മാതൃദിനത്തിൽ ഉപയോക്താക്കൾക്ക് അമ്മമാരോടൊത്ത് അവിസ്മരണീയ അനുഭവം സൃഷ്ടിക്കാനും ടൈറ്റൻ വേൾഡ് അവസരമൊരുക്കുന്നു. കോഴിക്കോട്, മാവൂർ റോഡിലുള്ള ടൈറ്റൻ വേൾഡിൽ സംഘടിപ്പിക്കുന്ന ഇൻ സ്റ്റോർ ആഘോഷങ്ങളിൽ ഉപയോക്താക്കൾക്ക് പങ്കാളികളാകാം. അമ്മയുമായുള്ള അതുല്യ ബന്ധത്തിന്റെ പ്രതീകാത്മക സ്മാരകം രൂപപ്പെടുത്താൻ ഉപയോക്താക്കൾക്ക് ഹാൻഡ് പെയിന്റിംഗിൽ ഏർപ്പെടാൻ അവസരമുണ്ട്. ഏറെ അവിസ്മരണീയ നിമിഷങ്ങൾ സൃഷ്ടിക്കുന്ന തരത്തിലാണ് ആഘോഷങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്.നമ്മുടെ ജീവിതം രൂപപ്പെടുത്തിയെടുക്കാൻ സ്വയം സമർപ്പിച്ച അമ്മയോടൊപ്പം സമയം ചെലവഴിക്കുന്നതിലേക്ക് വെളിച്ചം വീശാനാണ് ടൈറ്റൻ വേൾഡ് ഈ കാമ്പയിനിൽ ശ്രമിച്ചതെന്ന് ടൈറ്റൻ വാച്ചസ് വൈസ് പ്രസിഡന്റും ചീഫ് സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഓഫീസറുമായ രാഹുൽ ശുക്ല പറഞ്ഞു.

# സംസ്കൃത സർവ്വകലാശാലയിൽ ശങ്കരജയന്തി ആഘോഷങ്ങൾ 12ന് തുടങ്ങും

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ഇന്റർനാഷണൽ സ്കൂൾ ഫോർ ശ്രീശങ്കര സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ഓൺലൈനായി സംഘടിപ്പിക്കുന്ന ശങ്കരജയന്തി ആഘോഷങ്ങൾ മെയ് 12ന് തുടങ്ങും. വൈകിട്ട് 6.30ന് നടക്കുന്ന ശ്രീശങ്കര സ്റ്റഡിസർക്കിൾ വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ഉദ്ഘാടനം ചെയ്യും. വാരണസി സമ്പൂർണാനന്ദ് സംസ്കൃത സർവ്വകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ. രാജാറാം ശുക്ല അധ്യക്ഷനായിരിക്കും. ടൊറന്റോ സർവ്വകലാശാല ഫിലോസഫി അസോസിയേറ്റ് പ്രൊഫസർ പ്രൊഫ. നിലഞ്ജൻ ദാസ് മുഖ്യപ്രഭാഷണം നിർവ്വഹിക്കും. മെയ് 17ന് വൈകിട്ട് ഏഴിന് ന്യൂ മെക്സിക്കോ സർവ്വകലാശാലയിലെ ഫിലോസഫി അധ്യാപകൻ പ്രൊഫ. ജോൺ ടെയ്ബർ ശ്രീശങ്കര ജയന്തി വാർഷിക പ്രഭാഷണം നിർവ്വഹിക്കും. അമേരിക്കയിലെ ടെന്നസി സർവ്വകലാശാലയിലെ ഡോ. ഏതൻ മിൽസ് അധ്യക്ഷനായിരിക്കും.മെയ് 25ന് വൈകിട്ട് ഏഴിന് കാലിഫോർണിയയിലെ സാൻജോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ആനന്ദ് ജയപ്രകാശ് വൈദ്യ പ്രഭാഷണം നിർവ്വഹിക്കും. കൊൽക്കത്തയിലെ രവീന്ദ്ര ഭാരതി സർവ്വകലാശാലയിലെ ഫിലോസഫി വിഭാഗം പ്രൊഫസർ ഡോ. നിർമാല്യ നാരായൺ ചക്രവർത്തി അധ്യക്ഷനായിരിക്കും.

# മഹീന്ദ്ര സ്വരാജ് പുതിയ കാമ്പയിൻ അവതരിപ്പിച്ചു

**കൊച്ചി:** മഹീന്ദ്ര ഗ്രൂപ്പിൻറെ ഭാഗമായ സ്വരാജ് ട്രാക്ടേഴ്സ് ക്രിക്കറ്റ് താരം എം.എസ് ധോണിയെ നായകാക്കി പുതിയ ക്യാമ്പയിൻ ചിത്രം അവതരിപ്പിച്ചു. ഹോർട്ടികൾച്ചർ, ഇൻറർറോകൾട്ടിവേഷൻ പോലുള്ള കാർഷിക പ്രവർത്തനങ്ങളിൽ നൂതന സവിശേഷതകളും ശക്തമായ എഞ്ചിനുമുള്ള സ്വരാജ് ടാർഗറ്റ് 630 ട്രാക്ടർ ഉപയോഗിക്കുന്നതിൻറെ എളുപ്പവും കാര്യക്ഷമതയുമാണ് പുതിയ പരസ്യ ചിത്രത്തിലൂടെ ഊന്നിപ്പറയുന്നത്. ആഭ്യന്തര ട്രാക്ടർ വ്യവസായത്തിൽ അതിവേഗം വളരുന്ന ബ്രാൻഡായ സ്വരാജ് ട്രാക്ടേഴ്സിൻറെ. എം.എസ് ധോണിയെ നായകനാക്കിയുള്ള രണ്ടാമത്തെ പരസ്യമാണിത്.

എഫ്സിബി ഇൻറർഫേസ് ഒരുക്കിയ ടിവി കൊമേഴ്സ്യൽ ഹിന്ദി, ഗുജറാത്തി, മറാത്തി, ഭോജ്പുരി, തമിഴ്, തെലുങ്ക്, കന്നഡ, ബംഗാളി, പഞ്ചാബി എന്നിവയുൾപ്പെടെ വിവിധ പ്രാദേശിക ഭാഷകളിൽ 2024 മെയ് 10 മുതൽ ലഭ്യമാകും.



# കെ ആർ ഗൗരിയമ്മ ഇല്ലാത്ത രാഷ്ട്രീയ കേരളത്തിന്റെ മൂന്നു വർഷം



അഡ്വ. എ എൻ രാജൻ ബാബു,
ജനറൽസെക്രട്ടറി
ജെഎസ്എസ്

സംഭവ ബഹുലവും ചരിത്രത്തിന്റെ ഭാഗവുമായ 16345 ദിവസത്തെ നിയമ സഭാ പ്രവർത്തനത്തിലൂടെ കേരളം കണ്ട ഏറ്റവും പ്രഗൽഭയായ ഭരണാധികാരിയും നിയമസഭാ സമാജികയുമായിരുന്നു കെ ആർ ഗൗരിയമ്മ. 1948 മുതൽ 2011 വരെ കേരളത്തിൽ നടന്ന 16 നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും 12 എണ്ണത്തിൽ വിജയിക്കുകയും ചെയ്തു. 1957, 1967, 1980, 1987, 2001, 2003 വർഷങ്ങളിലായി 6 തവണ ഗൗരിയമ്മ കേരള മന്ത്രിസഭയിൽ മന്ത്രിയായി. 102 ാം വയസ്സിൽ മരിക്കും വരെ ഒരു രാഷ്ട്രീയ പാർട്ടിയുടെ തെരഞ്ഞെടുക്കപ്പെട്ട നേതാവായിരുന്നു ഗൗരിയമ്മ. കേരള ജനത അത്യധികം അഭിമാന സ്നേഹാദരങ്ങളോടെ സ്മരിക്കുന്ന രാഷ്ട്രീയ കേരളത്തിന്റെ വിപ്ലവനായികയായിരുന്ന കെ.ആർ ഗൗരിയമ്മയെപ്പോലെ ദീർഘവും സംഭവബഹുലവുമായ ഒരു കർമ്മകാണ്ഡം അവകാശപ്പെടാവുന്ന മറ്റൊരു നേതാവ് കേരളത്തിലെന്നല്ല ഇന്ത്യൻ രാഷ്ട്രിയ ഭൂപടത്തിലോ ലോക രാജ്യങ്ങളിലോ ഇല്ല.

ദീർഘകാലത്തെ ത്യാഗോജ്ജ്വലവും സംശുദ്ധവും, അഴിമതി രഹിതവും, നിസ്വാർത്ഥവുമായ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഉടമ. എന്നും മർദ്ദിത ജനവിഭാഗങ്ങൾക്കുവേണ്ടി വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം നടത്തിയ കരുത്തുറ്റ നേതാവ്, മികച്ച ഭരണാധികാരി.1951 ൽ തിരുകൊച്ചി നിയമസഭാംഗമായതുമുതൽ 2006 വരെ 12 നിയമസഭകളിലായി പ്രഗൽഭമായ സാന്നിദ്ധ്യം തെളിയിച്ച നിയമസഭാംഗം, മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിന്റെ പ്രതീകം, സാമൂഹ്യനീതിയുടേയും സ്ത്രീ ശാക്തീകരണത്തിന്റെയും വക്താവ്, ഭവനാസമ്പന്നമായ സംഘാടക, 6 മന്ത്രിസഭകളിലൊയി 16 വർഷക്കാലം മന്ത്രി, എന്നിങ്ങനെ കെ. ആർ ഗൗരിയമ്മയുടെ ശിരസ്സിനിണങ്ങുന്ന പൊൻതൂവാലകൾ ഏറെയാണ്.

പല കാലഘട്ടങ്ങളിലായി യാതനാപൂർണ്ണമായ വർഷങ്ങൾ നീണ്ടു നിന്ന ജയിൽ വാസവും ശാരീരിക, മാനസീക പീഢനങ്ങളും ഗൗരിയമ്മയ്ക്ക അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. എതിർപ്പുകളുടെ തീജ്വാലയ്ക്കു മുമ്പിലും അചഞ്ചലമായി നിൽക്കാനുള്ള ധീരതയും തന്റെ വിശ്വാസങ്ങൾക്കായി അവസാനംവരെ മുഖം നോക്കാതെ തളരാതെ നിന്നുപൊരുതുവാനുള്ള കരളുറപ്പും ഗൗരിയമ്മയുടെ മാത്രം പ്രത്യേക സ്വഭാവ മുദ്രകളായിരുന്നു.

ഭൂപരിഷ്കരണ നിയമം, പൊതുപ്രവർത്തക അഴിമതി നിരോധന നിയമം, നീതിന്യായം, വിജിലൻസ്, സാമൂഹ്യ വികസനം, കയർ, മിൽമ, മൃഗസംരക്ഷണം മുതലായ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്നു. ഇടതു വലതു മന്ത്രിസഭകളിൽ ദീർഘകാലം മന്ത്രിയായിരുന്നിട്ടുള്ള ഗൗരിയമ്മ കൈകാര്യം ചെയ്തിട്ടുള്ള വകുപ്പുകൾ പ്രതിപക്ഷത്തിന്റെ പോലും മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. നിയമസഭ പബ്ലിക് അക്കൗണ്ട് കമ്മിറ്റി, അഷ്വറൻസ് കമ്മിറ്റി എന്നിവയുടെ ചെയർ പേഴ്സൺ, നിയമസഭ ഡെപ്യൂട്ടി ലീഡർ, സി.പി.ഐ(എം) സെക്രട്ടറിയേറ്റ് അംഗം, കേരള കർഷക സംഘത്തിന്റെ 24 വർഷക്കാലം പ്രസിഡന്റ്, കേരള മഹിളാ സംഘം പ്രസിഡന്റ്, സെക്രട്ടറി എന്നീ നിലകളിൽ 20 വർഷക്കാലവും സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. 1994 ൽ ജെ. എസ്.എസ് രൂപീകരിച്ച മുതൽ തന്റെ അന്ത്യം വരെ പാർട്ടിയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്ന ഗൗരിയമ്മ പാർലമെന്ററി പാർട്ടിയുടെ ലീഡറായും ഇരുന്നിട്ടുണ്ട്.



പുന്നപ്ര വയലാറിന്റെ തീച്ചൂളയായി മാറിയ ചേർത്തലയിലെ തിളച്ചുമറിഞ്ഞ മണ്ണിൽ നിന്നാണ് കെ.ആർ. ഗൗരിയെന്ന അഗ്നിപുത്രിയെ കേരളത്തിനു ലഭിച്ചത്. രാഷ്ട്രീയവും ഭരണവും ജനസേവനത്തിനാണെന്നും അത് അഴിമതി വിമുക്തമായിരിക്കണമെന്നും സമഗ്രവികസനത്തിനും ജനങ്ങളുടെ ഉയർച്ചയ്ക്കും കഷ്ടതകളും ദുരിതങ്ങളും പരി ഹരിക്കാനാണെന്നുമുള്ള ഉറച്ച നിലപാടിലായിരുന്നു എന്നും ഗൗരിയമ്മ സ്വീകരിച്ചിരുന്നത്.1946 മുതൽ പൊതുരംഗത്തും രാഷ്ട്രീയ രംഗത്തും നിറസാന്നിദ്ധ്യമായിരുന്ന ഗൗരിയമ്മയ്ക്ക് അഴിമതിയുടെ കറ ഒട്ടും പുരളാത്ത വ്യക്തിത്വമാണുള്ളത്.

സ്ത്രീ ശാക്തീകരണത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ എന്നും മുൻ നിരയിലായിരുന്നു ഗൗരിയമ്മ പൗരുഷം പുരുഷന്റെ കുത്തകയാണെന്ന സങ്കൽപ്പത്തെ ഇടിച്ചു നിരത്തിയ പോരാളിയായിരുന്നു. കെ ആർ ഗൗരിയമ്മ വിടവാങ്ങിയിട്ട് മൂന്നു വർഷം തികയുന്നു.

1994 ൽ സി.പി.ഐ (എം) ൽ നിന്നും പുറത്താക്കിയപ്പോൾ ഒരു കൂസലുമില്ലാതെ പുതിയൊരു രാഷ്ട്രിയ നിലപാടുമായി ഗൗരിയമ്മ രംഗത്തു വന്നത് പലരേയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. 1993 അവസാനത്തിൽ ദലിത് പിന്നോക്ക വിഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന മായാവതിയുടേയും മുലായംഗ്സിംഗ് യാദവിന്റേയും ലല്ലൂ പ്രസാദിന്റേയും പാർട്ടികൾ മത്സരിച്ചതിന്റെ ഫലമായി അവർ ജയിക്കുകയും ഭരണത്തിലേറുകയും ചെയ്തിരുന്നു. പിന്നോക്ക ദളിത് വിഭാഗങ്ങളുടെ ഈ രാഷ്ട്രീയ മുന്നേറ്റം ചൂണ്ടിക്കാണിച്ചു കൊണ്ട് എസ്.എൻ.ഡി.പി. യോഗം നേതാവ് എം. കെ. രാഘവൻ യു.പി. മോഡൽ കേരളത്തിൽ ആവർത്തിക്കുമെന്ന് പ്രസ്താവന ഇറക്കിയിരുന്നു. കൂടാതെ മുൻ ഗുജറാത്ത് ഗവർണ്ണർ കെ.കെ. വിശ്വനാഥന്റെ അനുശോചന യോഗത്തിൽ പങ്കെടുക്കാൻ എറണാകുളത്ത് വന്നപ്പോൾ മുലായംസിംഗ് യാദവ് അന്ന് പ്രസംഗിച്ചത്. ശ്രീനാരായണ ഗുരുവും അയ്യങ്കാളിയും ആരംഭിച്ച നവോത്ഥാന പ്രസ്ഥാനം തുടങ്ങിയ കേരള ത്തിൽ നിന്നായിരിക്കും യു.പി. യിൽ മോഡൽ രാഷ്ട്രീയ മുന്നേറ്റം തുടങ്ങുകയെന്നും അദ്ദേഹം പ്രതീക്ഷിച്ചിരുന്നു. കെ.ആർ.ഗൗരിയമ്മയെ സി.പി.എം.ൽ നിന്നും പുറത്താക്കിയതിന്റെ അടുത്ത ദിവസങ്ങളിൽ ബി.എസ്.പി സ്ഥാപക നേതാവും രാജ്യത്തെ ദളിത് പിന്നോക്ക രാഷ്ട്രീയത്തിന്റെ ആചാര്യനുമായ കാൻഷിറാവു ഗൗരിയമ്മയുടെ ആലപ്പുഴ ചാത്തനാട്ടെ വീട്ടിലെത്തി ഗൗരിയമ്മയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

രാജ്യത്തെ ദളിത് പിന്നോക്ക രാഷ്ട്രീയത്തിന് നേതൃത്വം നൽകാൻ നിങ്ങളെ ഞങ്ങൾക്ക് ആവശ്യമുണ്ട്.രാജ്യം നിങ്ങളെയാണ് കാതോർക്കുന്നത്. അതിന് ഞങ്ങൾ അഭിമാനത്തോടെ നിങ്ങളെ ക്ഷണിക്കുകയാണെന്നും ഞങ്ങളുടെ ക്ഷണം സ്വീകരിക്കണമെന്നും അദ്ദേഹം ഗൗരിയമ്മയോട് അഭ്യർഥിച്ചു. ഗൗരിയമ്മയുടെ പ്രവർത്തന മേഖല ഡൽഹിയിലേക്ക് മാറ്റണമെന്നതുൾപ്പെടെയുള്ള കൃത്യമായ അജണ്ടകൾ മുന്നിൽ കണ്ടുകൊണ്ടാണ് അദ്ദേഹം ഗൗരിയമ്മയോട് കാര്യങ്ങൾ അവതരിപ്പിച്ചത്.ദേശീയ നേതൃ നിരയിലേക്ക് ഉയർന്നുവരുവാൻ എന്തുകൊണ്ടും യോഗ്യയായിരുന്നുവെങ്കിലും ഗൗരിയമ്മയെ അതൊന്നും സ്പർശിച്ചില്ല. അന്നത്തെ കേരള സാഹചര്യത്തിൽ വ്യത്യസ്തമായ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന് നേതൃത്വം നൽകാൻ തക്കവിധം ആത്മവിശ്വാസം ഗൗരിയമ്മ നേടിക്കഴിഞ്ഞിരുന്നു.

ജാതിയുമായി ബന്ധപ്പെട്ടു കൊണ്ട് സാമൂഹ്യനീതിക്ക് വേണ്ടിയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അംബേദ്കറുടേയും ലോഹ്യയായുടേയും നിലപാടുകളെ അടിസ്ഥാന മാക്കി കൊണ്ട് ഏറെ മുന്നോട്ടു പോയി കഴിഞ്ഞിരുന്നു. എന്നാൽ യുപിയിലും മറ്റും വർഗ്ഗ സമര പ്രസ്ഥാനങ്ങൾ വളർന്നിരുന്നില്ല. കേരളത്തിലാകട്ടെ വർഗ്ഗ സമര പാരമ്പര്യം ഏറെയുണ്ട്താനും. എന്നാൽ ആദ്യകാലത്ത് മുന്നോട്ടു വന്നിരുന്ന ജാതി വിരുദ്ധ സാമൂഹ്യനീതി പ്രസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി സാമൂഹ്യനീതിക്കു വേണ്ടിയുള്ള സമരങ്ങളിലും വർഗ്ഗ സമരത്തിലും ഒരുപോലെ ഊന്നുന്ന പുതിയൊരു രാഷ്ട്രീയ പ്രസ്ഥാനമണ് കേരളത്തിന് ആവശ്യമെന്നു കണ്ടാണ് കെ ആർ ഗൗരിയമ്മ ജെ.എസ്.എസ് ന് രൂപം കൊടുത്തത്. സി.പി.ഐ(എം) ൽ നിന്നും പുറത്താക്കപ്പെട്ട ഗൗരിയമ്മ അവതരിപ്പിച്ച തന്റെ പുതിയ നിലപാട് മാധ്യമങ്ങളിൽ വലിയ വാർത്തയായി മാറിയപ്പോൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ള സിപിഎം പ്രവർത്തകർ കൂട്ടത്തോടെയും അല്ലാതെയും രാജിവെച്ച് ഗൗരിയമ്മയുടെ നിലപാടിന് പിന്തുണയുമായി ഒപ്പം ചേരാൻ ആരംഭിച്ചു.നാളിതുവരെ ഇല്ലാത്ത രീതിയിൽ വർഗ്ഗ സമരവും സാമൂഹ്യ നീതിക്കു വേണ്ടിയുള്ള സമരവും കൂട്ടിയിണക്കിയ പുതിയ രാഷ്ട്രീയമാണ് ജെ. എസ്.എസ്. മുന്നോട്ടുവെയ്ക്കുന്നതെന്നും സാധാരണ കമ്മ്യൂണിസ്റ്റ് രാഷ്ട്രീയത്തിൽ നിന്നും അത് എങ്ങനെ വ്യത്യസ്ഥമാണെന്നുമുള്ള ഗൗരിമ്മയുടെ വിശദീകരണം പ്രവർത്തകർക്കും ഏറെ ആകർഷകമായി.ആലപ്പുഴ കടപ്പുറത്തുവെച്ചു നടന്ന പാർട്ടിയുടെ സംസ്ഥാന സമ്മേളനത്തിൽ എല്ലാവരേയും അത്ഭുതപ്പെടുത്തുന്നവിധം വൻ ജനപങ്കാളിത്തമാണുണ്ടായത്. തുടർന്ന് ജെ.എസ്.എസ് യൂഡി.എഫിൽ ചേരുകയും നിയമസഭാ തിരഞ്ഞെടുപ്പിൽ അഞ്ച് സീറ്റിൽ നാലിലും വിജയം നേടുകയും ചെയ്തു.

ഗൗരിക്ക് ഓർമ്മ വെച്ചു തുടങ്ങുന്ന കാലം മുതൽ ശ്രീനാരായണഗുരു, കുമാരനാശാൻ, രാമസ്വാമിനായ്ക്കർ, ടി.കെ. മാധവൻ, മിതവാദി പത്രാധിപർ, മൂർക്കോത്ത് കുമാരൻ, ആർ. സുഗതൻ തുടങ്ങിയവരെല്ലാം പിതാവ് രാമനൊപ്പം വീട്ടിൽ അതിഥികളായി എത്താറുണ്ടായിരുന്നു. പിതാവ് രാമൻ കൂരപ്പള്ളിയിൽ ആരംഭിച്ച സ്കൂളിലായിരുന്നു ഗൗരിയുടെ പ്രാഥമിക വിദ്യാഭ്യാസം. നാട്ടിലെ എല്ലാ കുട്ടികൾക്കും ഫീസില്ലാതെ തന്നെ അവിടെ പഠിക്കാൻ സാധിച്ചിരുന്നു. പിന്നീട് കടക്കരപ്പള്ളിയിൽ കോമ്പശ്ശേരി സ്ക്കൂൾ, പാറയിൽ ഭാഗം ഭാരതീവിലാസം സ്കൂൾ, തുറവൂർ ടി.സി. ഇംഗ്ളീഷ് ഹൈസ്ക്കൂൾ, ചേർത്തല ഗവൺമെന്റ് ഇംഗ്ലീഷ് ഹൈസ്ക്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ചു.എറണാകുളം മഹാരാജാസിൽ നിന്നും ഇന്റർമീഡിയേറ്റ് പാസായി. കവി ചങ്ങംമ്പുഴ ഗൗരിയമ്മയുടെ സഹപാഠിയും ജി ശങ്കരകുറുപ്പ് അധ്യാപകനുമായിരുന്നു. സെന്റ് തെരേസാസ് കോളജിലായിരുന്നു ബിരുദ പഠനം.

ക്വിറ്റ് ഇന്ത്യ സമരം ദേശീയ രാഷ്ട്രീയത്തിൽ കൊടുംപിരി കൊള്ളുമ്പോൾ ഗൗരി തിരുവനന്തപുരം ലോകോളജിൽ നിയമവിദ്യാർത്ഥിനിയായിരുന്നു. ഈ സമയം ഗൗരിയമ്മയുടെ മൂത്ത സഹോദരൻ സുകുമാരൻ ബി.എ പാസായി മുഴുവൻ സമയവും രാഷ്ട്രീയ പ്രവർത്തകനായി മാറുകയും തുടർന്ന് സ്റ്റേറ്റ് കോൺഗ്രസ് തിരുവന്തപുരം ഓഫീസിൽ സെക്രട്ടറിയായി പാർട്ടി ഓഫീസിലായിരുന്നു താമസം. ഇതിനിടയിൽ സുകുമാരൻ കമ്മ്യൂണിസ്റ്റ് പ്രവർത്തകരുമായി അടുക്കുകയും താമസിയാതെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മെമ്പർഷിപ്പ് എടുക്കുകയം ചെയ്തു. പുന്നപ്ര വയലാർ വിപ്ലവ സമരത്തോടെ കമ്മ്യൂണിസ്റ്റു പാർട്ടിയെ നിരോധിച്ചു. ഇതോടെ ഒളിവിൽ പോയവർക്കും അല്ലാത്തവർക്കുമൊക്കെ നോട്ടീസും ലഘുലേഖകളും എത്തിക്കേണ്ട ചുമതല പാർട്ടി ഗൗരിയെയാണ് ഏൽപ്പിച്ചത്. ഇതിനിടയിൽ സ്വതന്ത്ര തിരുവിതാകൂർ പ്രായപൂർത്തി വോട്ടവകാശം നടപ്പിലാക്കുമെന്ന് സി.പി പ്രഖ്യാപിച്ചു.രാജവാഴ്ച നിലനിൽക്കും ദിവാൻ ഭരണത്തിൽ രാജാവിനും ദിവാനും നിയമസഭയോട് വിധേയത്വമില്ല. ഇതിനോട് ഒരു വിഭാഗം കോൺഗ്രസുകാർക്ക് യോജിപ്പില്ലായിരുന്നു.1947 ഏപ്രിൽ, മെയ് മാസങ്ങളിൽ ചേർത്തല ബാർ അസ്സോസിയേഷൻ യോഗം വിളിച്ചു ചേർത്ത് തിരുവിതാംകൂർ ഇന്ത്യൻ യൂണിയന്റെ ഭാഗമാണെന്നും ആഗസ്റ്റ് 15 ന് ഇന്ത്യൻ യൂണിയന്റെ കൊടി ചേർത്തലയിൽ ഉയർത്താനും തീരുമാനിച്ചു. എന്നാൽ ഈ വിവരം ചൂണ്ടിക്കാട്ടി പേര് വെച്ച് നോട്ടീസ് അടിയ്ക്കാൻ ആരും തയ്യാറായില്ല. ഒടുവിൽ തന്റെ പേരു വെച്ച് നോട്ടീസ് അടിയ്ക്കാൻ ഗൗരിയമ്മ നിർദ്ദേശിച്ചു. ഇതോടെ തന്റെ പേരും ചേർക്കാൻ അന്നത്തെ സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡന്റ് ചങ്കരത്ത് കരുണാകര പണിക്കരും മുന്നോട്ടു വന്നു. തുടർന്ന് ഇവർ രണ്ടു പേരുടെയും പേരുവെച്ച് നോട്ടീസ് അടിച്ചു. സ്വാതന്ത്യ ദിനത്തിൽ ചേർത്തലയിൽ ഇന്ത്യൻ പതാക ഉയർത്തി സല്യൂട്ട് ചെയ്തു. 1947 ആഗസ്റ്റ് 19 ന് സി പി രാജിവെച്ച് മൈലാപ്പൂരിലേക്ക് മടങ്ങി. കോൺഗ്രസ് നേതാക്കളുടെയും ടി വി തോമസ് അടക്കമുള്ള കമ്മ്യൂണിസ്റ്റ് നേതാക്കളുടെയും അക്രമ കേസുകൾ ഒഴികെയുള്ള കേസുകൾ പിൻവലിച്ച് മോചിപ്പിച്ചു. സ്റ്റേറ്റ് കോൺഗ്രസിനെ എതിർത്തവരും മർദ്ദനത്തിന് കൂട്ടു നിന്നവരും സിപിയുടെ സ്തുതി പാഠകരുമെല്ലാം പിന്നട് സ്റ്റേറ്റ് കോൺഗ്രസിന്റെ നടത്തിപ്പുകാരായിമാറുന്ന കാഴ്ചയാണ് കണ്ടത്.സ്വാതന്ത്ര്യം പ്രഖ്യാപിച്ചെങ്കിലും പോലിസ് സ്റ്റേഷൻ ഭരണം പഴയ മർദ്ദകർ തന്നെ ഉപയോഗപ്പെടുത്തി. ഉണ്ണിത്താൻ ദിവാനായി 1948 ജനുവരി മാസത്തിൽ പ്രായപൂർത്തി വോട്ടവകശാത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചു. തിരഞ്ഞെടുപ്പിന് മുമ്പു തന്നെ കമ്മ്യൂണിസ്റ്റുകാരും കോൺഗ്രസുകാരും ഇരു ചേരികളിലായി ശത്രുക്കളെപ്പോലെ പെരുമാറാൻ തുടങ്ങി. പാർട്ടി മെമ്പർഷിപ്പു നൽകിയിരുന്നില്ലെങ്കിലും ഗൗരിയമ്മയുടെ നേതൃപാടവം തിരിച്ചറിഞ്ഞ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ തിരുവിതാം കൂർ കമ്മിറ്റി സെക്രട്ടറിയായിരുന്ന എ.കെ തമ്പിയുടെ നേതൃത്വത്തിൽ ഗൗരിയമ്മയെ ചേർത്തല കയർഫാക്ടറി വർക്കേഴ്സ് യൂണിയൻ പ്രസിഡന്റായി തിരഞ്ഞെടുത്തു. ജെഎസ്എസ് എന്ന പാർട്ടി രൂപീകരിച്ച ഗൗരിയമ്മ 102 ാം വയസിൽ അന്തരിക്കും വരെ തന്റെ പോരാട്ടം തുടർന്നു. ഇന്ന് (11.05.2024) ഗൗരിയമ്മയുടെ മൂന്നാം ചരമവാർഷികം ആചരിക്കുമ്പോൾ കേരളത്തിലെ ഇപ്പോഴത്തെ രാഷ്ട്രീയ സാഹചര്യത്തിൽ ജെ.എസ്.എസ്ന് ഏറെ പ്രസക്തിയുണ്ട്. ഗൗരിയമ്മ മുന്നോട്ടുവെച്ച ജെ.എസ്.എസ് ന്റെ ലക്ഷ്യം പൂർണ്ണതയിൽ എത്തിക്കാൻ വിപുലമായ ജനകീയ ഐക്യം കെട്ടിപ്പടുത്ത് സമരങ്ങളിലുടെയും പ്രക്ഷോഭങ്ങളിലൂടെയുമൊക്കെ ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടനാ പ്രവർത്തനങ്ങളും കുടുതൽ ശക്തമാക്കി. പാർട്ടി ഇനിയും ബഹുദൂരം പോകേണ്ടിയിരിക്കുന്നു.




# പുതിയ മാരുതി സുസുക്കി സ്വിഫ്റ്റ് വിപണിയിൽ

**കൊച്ചി:** മാരുതി സുസുക്കി പുതിയ സ്വിഫ്റ്റ് അവതരിപ്പിച്ചു. 6.49 ലക്ഷം രൂപ മുതലാണ് ഷോറൂം വില. 6 എയർബാഗുകൾ, 3പോയിന്റ് സീറ്റ് ബെൽറ്റുകൾ, ഇലക്ട്രോണിക് സ്റ്റെബിലിറ്റി പ്രോഗ്രാം, ഹിൽ ഹോൾഡ് അസിസ്റ്റ്, ഇലക്ട്രോണിക് ബ്രേക്ക് ഫോഴ്സ് ഡിസ്ട്രിബ്യൂഷൻ ഉള്ള ആന്റിലോക്ക് ബ്രേക്കിംഗ് സിസ്റ്റം , ബ്രേക്ക് അസിസ്റ്റ് എന്നീ സ്റ്റാൻഡേർഡ് ഫീച്ചറുകൾ കൊണ്ട് മെച്ചപ്പെട്ട സുരക്ഷയാണ് പുതിയ സ്വിഫ്റ്റ് വാഗ്ദാനം ചെയ്യുന്നത്. ലസ്റ്റർ ബ്ലൂ, നോവെൽ ഓറഞ്ച് എന്ന രണ്ട് പുതിയ ബോഡി നിറങ്ങളോടൊപ്പം സിസ്ലിംഗ് റെഡ്, പേൾ ആർട്ടിക് വൈറ്റ്, മാഗ്മ ഗ്രേ, സ്പ്ലെൻഡിഡ് സിൽവർ, മൂന്ന് ഡ്യുവൽ ടോൺ കളറും പുതിയ സ്വിഫ്റ്റിൽ ലഭ്യമാണ്. ആകർഷകമായ ഇന്റീരിയർ എക്സ്റ്റീരിയർ, മികച്ച ഇൻഫോടെയിൻമെന്റ് സിസ്റ്റം, നൂതന സാങ്കേതികവിദ്യ എന്നിവയും സ്വിഫ്റ്റിന്റെ പ്രത്യേകതകളാണ്. സ്വിഫ്റ്റ് ബ്രാൻഡ് ഇന്ത്യൻ വാഹന വിപണിയിൽ മികവിന്റെ പ്രതീകമായിരുന്നുവെന്നും, മികച്ച പെർഫോമൻസ് പ്രദാനം ചെയ്യാൻ ആധുനിക സാങ്കേതികവിദ്യകൾ അവതരിപ്പിച്ചുകൊണ്ട് ഇന്ത്യൻ ഓട്ടോമൊബൈൽ വ്യവസായത്തിന്റെ പരിവർത്തനത്തിന് തുടർന്നും നേതൃത്വം നൽകുമെന്നും മാരുതി സുസുക്കി ഇന്ത്യ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറും സിഇഒ യുമായ ഹിസാഷി ടെകൌച്ചി പറഞ്ഞു.

# ബാക്ക് ടു സ്കൂൾ ക്യാംപയിനുമായി ഹോപ്പ്

**കൊച്ചി:** കേരളത്തിലുടനീളംപ്രവർത്തിച്ചു വരുന്ന ഹോപ്പ് ചൈൽഡ് കാൻസർ കെയർ ഫൌണ്ടേഷൻ,ചികിത്സ കൊണ്ട് പഠനം താൽകാലികമായി നിർത്തിവെക്കേണ്ടി വന്നകുട്ടികൾക്കും, ദുർഘടമായ ചികിത്സയെ അതിജീവിച്ചു കൊണ്ട് ആദ്യമായിവിദ്യാലയങ്ങളിലേക്ക് പ്രവേശിക്കുന്ന കുട്ടികൾക്കും വേണ്ടി ബാക്ക് ടു സ്കൂൾ ക്യാംപയിൻ സംഘടിപ്പിക്കുന്നു.

വർഷങ്ങളോളം നീണ്ടു നിൽക്കുന്ന കാൻസർ ചികിത്സ മൂലം പഠനം പാതിവഴിയിൽ നിർത്തേണ്ടി വരുന്ന കുട്ടികൾക്കും, ചികിത്സയോടൊപ്പം പഠനംമുന്നോട്ട് കൊണ്ട് പോയി എസ് എസ് എൽ സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച

വിജയം കരസ്ഥമാക്കിയവർക്കും, മുന്നോട്ടുള്ള യാത്രയിൽ കൂടുതൽ കരുത്തുപകരുകയാണ് ഹോപ്പ് ചൈൽഡ് കാൻസർ കെയർ ഫൌണ്ടേഷൻ.മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന എയ്റിസ് മാനേജ്!മെൻറ്

കോർപറേഷനും, മലപ്പുറം എടരിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്നപിക്ലൂൺ എന്ന സ്ഥാപനവും ഈ ഉദ്യമത്തിൽ ഹോപ്പിനൊപ്പംചേർന്നിട്ടുണ്ട്. കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ കളക്ടർമാർ, വിവിധഡോക്ടർമാർ, ഉൾപ്പെടെയുള്ള സാമൂഹിക രംഗത്തെ പ്രഗൽഭരായ ആളുകൾപരിപാടിയുടെ ഭാഗമാവും. മെയ് 11 നു കൊച്ചിയിൽ ആരംഭിച്ച് മെയ്

12, 13, 18 , 19 ദിവസങ്ങളിൽ മുക്കം, തലശ്ശേരി, തിരുവനന്തപുരം , കോഴിക്കോട്എന്നിവിടങ്ങളിലും ബാക്ക് ടു സ്കൂൾ പരിപാടി നടക്കും. 150 ഓളം കുട്ടികളാണ്ഈ വർഷം ക്യാംപയിനിന്റെ ഭാഗമാവുന്നത്.

# ഹാപ്പിനെസ്സ് കൊച്ചി സാന്ത്വന സംഗീതം

**കൊച്ചി:** കൊച്ചി നഗരസഭയുടെ ഹാപ്പിനെസ്സ് കൊച്ചി പദ്ധതിയും എറണാകുളം ജനറൽ ആശുപത്രിയും സംയുക്തമായി 'സാന്ത്വന സംഗീതം' പരിപാടി സംഘടിപ്പിക്കും. നേഴ്സ് ദിനാചരണ പരിപാടികളുടെ ഭാഗമായി ഇന്ന് രാവിലെ 11.30 ന് ജനറൽ ആശുപത്രി കോൺഫറൻസ് ഹാളിൽ വച്ചാണ് പരിപാടി. പൊതുവായുള്ള സംഗീത പരിപാടിക്ക് ശേഷം കാൻസർ വാർഡിലും, കുട്ടികളുടെ വാർഡിലും സംഗീത സ്പർശം (മ്യൂസിക് തെറാപ്പി) ആയി എല്ലാ രോഗികളെയും സന്ദർശിക്കും. തൃക്കാക്കര ഭാരത് മാതാ കോളേജിലെ മ്യൂസിക്ക് ക്ലബ്ബ് ആയ ധ്വനി ആണ് ഈ സംഗീത പരിപാടിയായി സഹകരിക്കുന്നത്. കൊച്ചി നഗരത്തിനെ സമഗ്രമായ മാനസിക ആരോഗ്യമുള്ള ഒരു പ്രദേശമായി മാറ്റുന്നതിനു നഗരസഭ നടത്തി വരുന്ന പദ്ധതിയാണ് ഹാപ്പിനെസ്സ് കൊച്ചി.

# വൈസ് അഡ്മിറൽ സഞ്ജയ് ഭല്ല ഇന്ത്യൻ നാവികസേന ചീഫ് ഓഫ് പേഴ്സണൽ

**ന്യൂദൽഹി:**വൈസ് അഡ്മിറൽ സഞ്ജയ് ഇന്ത്യൻ നാവികസേനയുടെ ചീഫ് ഓഫ് പേഴ്സണൽ ആയി ചുമതലയേറ്റു. 1989 ജനുവരി ഒന്നിന് ഇന്ത്യൻ നാവികസേനയിൽ ചേർന്ന സഞ്ജയ് ഭല്ല 35 വർഷത്തെ ഔദ്യോഗിക ജീവിതത്തിൽ നിരവധി പദവികൾ വഹിച്ചു.കമ്മ്യൂണിക്കേഷൻ & ഇലക്ട്രോണിക് വാർഫെയറിൽ സ്പെഷ്യലൈസേഷൻ കോഴ്സ് പൂർത്തിയാക്കിയ ശേഷം അദ്ദേഹം നിരവധി മുൻനിര യുദ്ധക്കപ്പലുകളിൽ സ്പെഷ്യലിസ്റ്റായി സേവനമനുഷ്ഠിച്ചു. ഐഎൻഎസ് നിഷാങ്ക്, ഐഎൻഎസ് താരഗിരി, ഐഎൻഎസ് ബിയാസ് എന്നിവയുടെ മേധാവിയായും ഫ്ളാഗ് ഓഫീസർ കമാൻഡിംഗ് ഈസ്റ്റേൺ ഫ്ലീറ്റ് ആയും കടലിൽ വെല്ലുവിളി നിറഞ്ഞതും സംഭവ ബഹുലവുമായ കമാൻഡുകൾ അദ്ദേഹത്തിന് ലഭിച്ചു.എഫ്ഒസിഇഎഫ് ആയിരുന്ന കാലയളവിൽ, അഭിമാനകരമായ പ്രസിഡന്റിന്റെ ഫ്ലീറ്റ് റിവ്യൂ, ഇന്ത്യൻ നാവികസേനയുടെ പ്രധാന ബഹുരാഷ്ട്ര അഭ്യാസമായ ങകഘഅച 22 ന്റെ കടലിൽ നടന്ന അഭ്യാസങ്ങൾ എന്നിവയുടെ ഓഫീസർഇൻടാക്ടിക്കൽ കമാൻഡ് ആയിരുന്നു അദ്ദേഹം. സൗഹൃദ വിദേശ രാജ്യങ്ങളിൽ നിന്നുള്ള അഭൂതപൂർവമായ പങ്കാളിത്തത്തിന് ങകഘഅച 22 സാക്ഷ്യം വഹിച്ചു.നാവിക ആസ്ഥാനത്ത് അസിസ്റ്റന്റ് ചീഫ് ഓഫ് പേഴ്സണൽ ഉൾപ്പെടെയുള്ള പ്രധാന സ്റ്റാഫ് നിയമനങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. നേവൽ അക്കാദമിയിൽ ഓഫീസർമാരുടെ പരിശീലനത്തിന് നേതൃത്വം നൽകി. വിദേശത്ത് ഒരു നയതന്ത്ര നിയമനവും അദ്ദേഹത്തിന് ലഭിച്ചു.നാവികസേനയുടെ ചീഫ് ഓഫ് പേഴ്സണൽ ആയി ചുമതലയേൽക്കുന്നതിന് മുമ്പ്, വെസ്റ്റേൺ നേവൽ കമാൻഡിന്റെ ചീഫ് ഓഫ് സ്റ്റാഫ് ആയിരുന്നു അദ്ദേഹം. ഓപ്പറേഷൻ സങ്കല്പ്, സിന്ധുദുർഗിൽ നടന്ന നാവിക സേന ദിന ഡെമോ 2023 പോലുള്ള പരിപാടികൾക്കും അദ്ദേഹം മേൽനോട്ടം വഹിച്ചു.ലണ്ടനിലെ റോയൽ കോളേജ് ഓഫ് ഡിഫൻസ് സ്റ്റഡീസ്, വെലിംഗ്ടണിലെ നേവൽ വാർ കോളേജ് ആൻഡ് ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളേജ് എന്നിവയിലെ പൂർവ്വ വിദ്യാർത്ഥി ആണ് അദ്ദേഹം.എം ഫിൽ, ലണ്ടനിലെ കിംഗ്സ് കോളേജിൽ നിന്ന് ഇന്റർനാഷണൽ സെക്യൂരിറ്റി & സ്ട്രാറ്റജിക് സ്റ്റഡീസ് എന്ന വിഷയത്തിൽ മാസ്റ്റേഴ്സ്, മദ്രാസ് സർവകലാശാലയിൽ നിന്ന് എംഎസ്സി, കുസാറ്റിൽ നിന്ന് എംഎസ്സി (ടെലികോം) എന്നിവ അദ്ദേഹത്തിന്റെ വിദ്യാഭ്യാസ നേട്ടങ്ങളിൽ ഉൾപ്പെടുന്നു.



# കരുതൽ 2.0 ഡിജിറ്റൽ കാർഡുകൾ അവതരിപ്പിച്ച് ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ലോക തലാസീമിയ ദിനത്തോടനുബന്ധിച്ച് കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിൽ നിന്ന് രോഗമുക്തി നേടിയവരും നിലവിൽ ചികിത്സയിൽ കഴിയുന്നതുമായ തലസീമിയ രോഗികളുടെ ഒത്തുചേരൽ സംഘടിപ്പിച്ചു. കരുതൽ 2.0 എന്ന പേരിൽ നടത്തിയ പരിപാടിയോടനുബന്ധിച്ച് തലാസീമിയ ബാധിതർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക ഡിജിറ്റൽ കാർഡുകൾ പുറത്തിറക്കി.ഗുരുതരമായ ജനിതക രോഗങ്ങളിലൊന്നായ തലാസീമിയ ബാധിതരിൽ രക്തത്തിലെ പ്രോട്ടീനായ ഹീമോഗ്ലോബിന്റെ അളവ് സാധാരണയിലും വളരെ കുറവായിരിക്കും. തലാസീമിയ രോഗികൾക്ക് വേണ്ടി കഴിഞ്ഞ വർഷം നടപ്പാക്കിയ കരുതൽ 2023 പദ്ധതിക്ക് വൻ സ്വീകാര്യത ലഭിച്ച സാഹചര്യത്തിലാണ് കരുതൽ 2.0 ഡിജിറ്റൽ കാർഡുകൾ അവതരിപ്പിച്ചത്. തലാസീമിയ രോഗികൾക്ക് അവരുടെ സമഗ്രമായ ആരോഗ്യ സംരക്ഷണത്തിനുള്ള സഹായങ്ങളും ചികിത്സാ ഇളവുകളും നൽകുക എന്നതാണ് ലക്ഷ്യം. കാർഡ് ഉടമകൾക്ക് ഡോക്ടർ കൺസൾട്ടേഷനുകളിൽ 50 ശതമാനം, ഒ.പി സേവനങ്ങൾക്ക് 20 ശതമാനം, ഒ.പി പ്രൊസീജിയറുകൾക്ക് 10 ശതമാനം എന്നിങ്ങനെയുള്ള ഇളവുകൾ ലഭിക്കും. ഇതിന് പുറമേ ആശുപത്രിയിൽ കഴിയേണ്ടി വരുന്ന സാഹചര്യങ്ങളിൽ 10 ശതമാനം കിഴിവും വാഗ്ദാനം ചെയ്യുന്നുണ്ട്.ആസ്റ്റർ മെഡ്സിറ്റിയിൽ നടന്ന ചടങ്ങിൽ ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ ഡിജിറ്റൽ കാർഡുകൾ പുറത്തിറക്കി.പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച മാജിക് ഷോ രോഗികൾക്ക് മാനസിക ഉല്ലാസം പകരുന്നതായിരുന്നു. പരിപാടിയിൽ പങ്കെടുത്തവർക്ക് സമ്മാനങ്ങളും നൽകി.ചടങ്ങിൽ ആസ്റ്റർ മെഡ്സിറ്റിയിലെ ഹെമറ്റോളജി ആൻഡ് ഹെമറ്റോ ഓങ്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ദീപക് ചാൾസ്, പീഡിയാട്രിക് ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ശ്വേത സീതാറാം, ഹെമറ്റോളജി ആൻഡ് ഹെമറ്റോ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. എൻ.വി രാമസ്വാമി, ഹെമറ്റോളജി ആൻഡ് ഹെമറ്റോ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. മോബിൻ പോൾ തുടങ്ങിയവർ പങ്കെടുത്തു.



# മുംബൈയിലെ ബികെസിയിൽ പുതിയ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് ആരംഭിച്ച് മുത്തൂറ്റ് മിനി

**കൊച്ചി:** രാജ്യത്തെ മുൻനിര എൻബിഎഫ്സികളിലൊന്നായ മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ് മുംബൈയുടെ സാമ്പത്തിക കേന്ദ്രമായ ബാന്ദ്രകുർള കോംപ്ലക്സിൽ (ബികെസി) പുതിയ ഓഫീസ് ആരംഭിച്ചു. കൊച്ചി ആസ്ഥാനമായ കമ്പനിക്ക് മുംബൈയിലെ സാന്നിധ്യം ഉപഭോക്താക്കൾക്ക് മികച്ച സൗകര്യവും സേവനങ്ങളും ലഭ്യമാക്കാൻ സഹായിക്കും.

കമ്പനിയുടെ സമീപകാലത്തെയും ദീർഘകാലത്തെയും വളർച്ചാ തന്ത്രത്തിൻറെ ഭാഗമായ ബികെസിയിലെ പുതിയ ഓഫീസ് മുത്തൂറ്റ് മിനിയുടെ ദീർഘകാല ലക്ഷ്യമായ പ്രാഥമിക ഓഹരി വില്പനയിലേക്കുള്ള ആദ്യപടിയാവും. മുംബൈയിലെ ഈ ഓഫീസിൽ കമ്പനിയുടെ അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാർ ആയിരിക്കും ഉണ്ടായിരിക്കുക.

രാജ്യത്തിൻറെ സാമ്പത്തിക തലസ്ഥാനമായ മുംബൈയിലെ സാന്നിദ്ധ്യം ഇന്ത്യയുടെ ബാങ്കിംഗ്, ഫിനാൻസ് ശൃംഖലയുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള കമ്പനിയുടെ പ്രതിബദ്ധതയെയാണ് കാണിക്കുന്നത്. ഈ തന്ത്രപരമായ നീക്കത്തിലൂടെ സാമ്പത്തിക രംഗത്ത് വിശ്വസനീയമായ പങ്കാളിയെന്ന നിലയിൽ കമ്പനിയുടെ സ്ഥാനം കൂടുതൽ ഉറപ്പിച്ചുകൊണ്ട് പ്രധാന പങ്കാളികളുമായി അടുത്ത ബന്ധം വളർത്തിയെടുക്കാൻ മുത്തൂറ്റ് മിനി ലക്ഷ്യമിടുന്നു. രാജ്യത്തിൻറെ പടിഞ്ഞാറൻ മേഖലയിലെ കമ്പനിയുടെ വികസനത്തിനുള്ള പടിയായി ഈ ഓഫീസ് പ്രവർത്തിക്കും.

മുത്തൂറ്റ് മിനിയുടെ ബികെസിയിലെ പുതിയ ഓഫീസ് കമ്പനിയുടെ സുപ്രധാന നാഴികക്കല്ലാണെന്ന് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡിൻറെ മാനേജിംഗ് ഡയറക്ടർ മാത്യു മുത്തൂറ്റ് പറഞ്ഞു. മുംബൈയിലെ മികവുറ്റ സാമ്പത്തിക കേന്ദ്രം കമ്പനിക്ക് വൈവിധ്യമാർന്ന സാമ്പത്തിക ശൃംഖല ഉറപ്പു വരുത്തി പങ്കാളികളുമായി ഇടപഴകുന്നതിന് അനുയോജ്യമായ സാഹചര്യം ലഭ്യമാക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഉപഭോക്താവിൽ കേന്ദ്രീകരിച്ചതും, നൂതനമായ കാര്യങ്ങളിൽ തുടർച്ചയായി ശ്രദ്ധ കേന്ദ്രീകരിക്കുന്ന മുത്തൂറ്റ് മിനിക്ക് നിലവിൽ രാജ്യത്തുടനീളം 900ലധികം ശാഖകളുണ്ട്.

കമ്പനി 1,000ലധികം ശാഖകൾ എന്ന നാഴികക്കല്ല് ഉടൻ കൈവരിക്കാൻ ലക്ഷ്യമിടുന്നു.

# റെനോ ഇന്ത്യ രാജ്യവ്യാപകമായി സമ്മർ ക്യാമ്പ് സംഘടിപ്പിക്കുന്നു

**ന്യൂ ഡൽഹി:** മുൻനിര കാർ നിർമാതാക്കളായ, റെനോ ഇന്ത്യ, രാജ്യവ്യാപകമായി വിൽപ്പനാനന്തര സേവന സംരംഭമായ 'റെനോ സമ്മർ ക്യാമ്പ്' ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. മെയ് 13 മുതൽ മെയ് 20 വരെ ഇന്ത്യയിലുടനീളമുള്ള എല്ലാ റെനോ സർവീസ് സൗകര്യങ്ങളിലും സർവീസ് ക്യാമ്പ് നടത്തും.

സമഗ്ര വാഹന പരിശോധനകൾ, പാർട്സ്, ആക്സസറികൾ എന്നിവയിൽ പ്രത്യേക ഓഫറുകൾ, കോംപ്ലിമെന്ററി സമ്മാനങ്ങൾ, കസ്റ്റമർ ഇന്ററാക്ഷൻ ഇവന്റുകൾ എന്നിവ ക്യാമ്പിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുണ്ട്.

കാറുകളുടെ ഒപ്റ്റിമൽ പ്രകടനമാണ് സർവീസ് ക്യാമ്പ് സംഘടിപ്പിക്കുന്നതിന്റെ പ്രധാന ലക്ഷ്യം. പരിശീലനം ലഭിച്ച സാങ്കേതിക വിദഗ്ധരിൽ നിന്ന് വാഹനങ്ങൾക്ക് മികച്ച പരിചരണം ലഭിക്കും.

സമ്മർ ക്യാമ്പ് റെനോ ഉടമകൾക്ക് സൗജന്യ കാർ ടോപ്പ് വാഷ് ഉൾപ്പെടെ കർശനമായ കാർ പരിശോധന നൽകും.

റെനോ സമ്മർ ക്യാമ്പിന്റെ ഭാഗമായി, ഉപഭോക്താക്കൾക്ക് തിരഞ്ഞെടുത്ത പാർട്സുകൾക്കും ആക്സസറികൾക്കും കുറഞ്ഞത് 15%, എഞ്ചിൻ ഓയിൽ മാറ്റുന്നതിന് 10%, ലേബർ ചാർജിൽ 15% കിഴിവുകളും എസി സർവീസിംഗിൽ പ്രത്യേക ഓഫറുകളും ലഭിക്കും. വിപുലീകൃത വാറന്റിയിൽ 10% കിഴിവും റോഡ്സൈഡ് അസിസ്റ്റൻസ് റീട്ടെയിൽ പ്രോഗ്രാമിൽ 10% കിഴിവും റെനോ ഇന്ത്യ പ്രഖ്യാപിച്ചിട്ടുണ്ട്.

റെനോ ഇന്ത്യയ്ക്ക് രാജ്യത്തുടനീളം 400+ വിൽപ്പ ടച്ച് പോയിന്റുകളും 430+ സേവന ടച്ച് പോയിന്റുകളും ഉൾപ്പടെ വ്യാപക സാന്നിധ്യമുണ്ട്.

# വേനൽച്ചൂട്: തൊഴിൽവകുപ്പ് പരിശോധന തുടരുന്നു

**തിരുവനന്തപുരം:** സംസ്ഥാനത്ത് വേനൽച്ചൂട് അതികഠിനമായ സാഹചര്യത്തിൽ ഏർപ്പെടുത്തിയ തൊഴിൽ സമയ ക്രമീകരണങ്ങളും മറ്റു നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നത് ഉറപ്പാക്കാൻ തൊഴിൽ വകുപ്പ് പരിശോധന തുടരുന്നു. ഫെബ്രുവരി മുതൽ 2650 പരിശോധനകളാണ് ഇതിനോടകം പൂർത്തിയാക്കിയത്. നിയമലംഘനം കണ്ടെത്തിയ സ്ഥലങ്ങളിൽ അത് പരിഹരിക്കുകയും ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു.

സംസ്ഥാനത്ത് ഫെബ്രുവരി മുതൽ മെയ് 15 വരെ രാവിലെ 7:00 മുതൽ വൈകുന്നേരം 7:00 മണി വരെയുള്ള സമയത്തിൽ എട്ട് മണിക്കൂറായി ജോലി സമയം നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പകൽ സമയം ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും ഉച്ചയ്ക്ക് 12 മുതൽ വൈകുന്നേരം മൂന്ന് മണിവരെ വിശ്രമവേളയായിരിക്കും. ഷിഫ്റ്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഷിഫ്റ്റുകൾ ഉച്ചയ്ക്ക് 12:00 മണിക്ക് അവസാനിക്കുന്ന തരത്തിലും വൈകുന്നേരം 3:00 മണിക്ക് ആരംഭിക്കുന്ന തരത്തിലുമാണ് പുനക്രമീകരണം. സംസ്ഥാനത്തെ തോട്ടം തൊഴിലാളികളടക്കമുള്ള എല്ലാ തൊഴിലാളികൾക്കും ബാധകമാക്കിയ തൊഴിൽ സമയക്രമീകരണം പാലിക്കപ്പെടുന്നത് ഉറപ്പാക്കുന്നതിന് ജില്ലാ ലേബർ ഓഫീസർ, ഡെപ്യൂട്ടി ലേബർ ഓഫീസർ, അസി ലേബർ ഓഫീസർ, പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ എന്നിവരുടെ മേൽനോട്ടത്തിൽ പ്രത്യേക ടീമുകൾ രൂപീകരിച്ചാണ് പരിശോധന. വരും ദിവസങ്ങളിലും പരിശോധനകൾ തുടരും.

LiVa®

'Diamonds are forever'

MODULAR INTERIORS TOO!

www.livainteriors.com




THE EVERLASTING MODULAR INTERIORS

SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS

TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 | LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+ 91 9288022663